24/05/2020
3.3.20.

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.2509(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.15182/SIC-Gen5/2017

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ടി.വി.രഞ്ജിത്ത് കുമാർ,
ഇൻസിബിൻസി,
വടശ്ശേരി റോഡ്, മതിൽ പി.ഒ.,
പയ്യന്നൂർ, കണ്ണൂർ – 670 307.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
2. കേരള സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര ഫോറം, സിവിൽ സ്റ്റേഷൻ, കോഴിക്കോട്.

3. അപ്പീൽ അധികാരി,
കേരള സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14/08/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/09/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/10/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15/11/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 01/12/2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 06/12/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02/03/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ടി.വി.രഞ്ജിത്ത് കുമാർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയില്ല എന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതുപ്രകാരം അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ

മേൽപ്പടി ഓഫീസിൽ ലഭ്യമല്ലെന്നാണെന്നും മേൽപ്പടി വിവരം വിവരാവകാശ നിയമത്തിലെ 8(1) (ജെ) വകുപ്പു പ്രകാരം വെളിപ്പെടുത്തേണ്ടതല്ല എന്നും എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ കേരള ലോകായുക്ത ആക്ടിലെ 22(1) വകുപ്പു പ്രകാരം വെളിപ്പെടുത്തേണ്ടതല്ലേ എന്ന വിഷയം പരിശോധനാ വിധേയമാക്കിയില്ല എന്നുമാണ്. ബന്ധപ്പെട്ട വിഷയം അപ്പീൽ അധികാരി മുമ്പാകെ അവതരിപ്പിക്കാനുള്ള അവസരം ഹർജിക്കാരന് നൽകിയില്ല എന്നും ടിയാൻ ചൂണ്ടിക്കാട്ടി.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കോഴിക്കോട് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ ഫോറം മെമ്പർ ജോസഫ് മാത്യുവിന്റെയും പ്രസിഡന്റ് ശ്രീമതി റോസ് ജോസിന്റെയും സ്ഥാവരജംഗമ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ തികച്ചും വ്യക്തിപരമായതിനാലും പൊതുതാത്പര്യവുമായി ബന്ധപ്പെടാത്തതിനാലും ബന്ധപ്പെട്ട വ്യക്തികൾക്ക് ആയത് പൊതുജനമദ്ധ്യേ വെളിപ്പെടുത്താൻ താത്പര്യമില്ല എന്നറിയിച്ചിട്ടുള്ളതിനാലും ആയത് നൽകാൻ നിർവ്വാഹമില്ല എന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൊതുതാത്പര്യാർത്ഥം വെളിപ്പെടുത്തേണ്ടതാണെന്നും പൊതു അധികാര സ്ഥാനങ്ങൾ വഹിക്കുന്ന വ്യക്തികൾ അവരുടെ സ്ഥാവരജംഗമ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തേണ്ടതാണെന്നും ആയത് വ്യക്തിപരമല്ല എന്നും വിവരാവകാശ നിയമത്തിലെ 8-ാം വകുപ്പു പ്രകാരം ഒഴിവാക്കപ്പെടേണ്ടതല്ല എന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കോഴിക്കോട് ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ലഭ്യമല്ല എന്നും മേൽപ്പടി വിവരങ്ങൾ തികച്ചും വ്യക്തിപരമായതിനാൽ നൽകുന്നതിന് സമ്മതമല്ല എന്നു ബന്ധപ്പെട്ട വ്യക്തികൾ അറിയിച്ചിട്ടുണ്ടെന്നാണ് ഒന്നാം എതിർകക്ഷി വ്യക്തമാക്കിയിട്ടുള്ളതെന്നും മേൽപ്പടി മറുപടി ക്രമപ്രകാരമുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം എതിർകക്ഷി ഓഫീസിൽ ഹർജിക്കാരന്റെ അപേക്ഷ സമർപ്പിച്ച അവസരത്തിൽ ലഭ്യമായിരുന്ന ഒന്നാണെന്ന് കാണുന്നില്ല. വിവരാവകാശ നിയമപ്രകാരം എതിർകക്ഷിയുടെ പക്കൽ ലഭ്യമായ വിവരങ്ങളാണ് വിവരം എന്നതിന്റെ നിർവ്വചനത്തിൽ വരുന്നത്. ആയതിനാൽ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്ത വിവരം പുതുതായി ശേഖരിച്ച് നൽകണമെന്ന് വിവരാവകാശ നിയമപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുവാൻ നിയമപരമായി സാധ്യമല്ല. ഹർജിക്കാരൻ ചൂണ്ടിക്കാട്ടിയിരുന്നത് കേരള ലോകായുക്ത ആക്ട് പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നിർബന്ധമായും ബന്ധപ്പെട്ടവർ നൽകിയിരിക്കണമെന്നാണ്. മേൽ നിയമപ്രകാരമുള്ള നടപടി ബന്ധപ്പെട്ട പൊതു അധികാരികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ച പരാതി ബന്ധപ്പെട്ട അധികാര സ്ഥാനത്ത് സമർപ്പിച്ച് പരിഹാരം തേടുകയാണ് വേണ്ടത്. ആയത് വിവരാവകാശ നിയമപ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

RIGHT TO INFORMATION

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 3-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

RIGHT TO INFORMATION